4

# സ്നാനത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ

*"എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു, പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു, നീതിക്കു ദാസന്മാരായി തീർന്നതുകൊണ്ടു ദൈവത്തിനു സ്തോത്രം" (റോമർ 6:17, 18).*

സ്നാനം ഏല്ക്കുമ്പോൾ, സ്നാനവുമായുള്ള ആത്മീയ യാഥാർത്ഥ്യങ്ങൾ നാം മനസ്സിലാക്കണം. നാം സ്നാനമേല്ക്കുമ്പോൾ, ഹൃദയപൂർവ്വം ആത്മീയ ബന്ധത്തിലാണെങ്കിൽ, നാലു പ്രധാന മാറ്റങ്ങൾ സംഭവിക്കും.

**ഒരു അവസ്ഥാന്തരം**

നമ്മുടെ പാപമോചനത്തിനായി തന്റെ മരണത്തിൽ രക്തം ചിന്തിയ മശിഹയാണ് അവൻ എന്ന വിശ്വാസത്തോടെ വേണം, ഒരാൾ സ്നാനത്തിനായി വരുവാൻ. അവനെ നമ്മുടെ കർത്താവായി സ്വീകരിക്കുവാൻ നമ്മുടെ കഴിഞ്ഞ പാപങ്ങളെ വിട്ടുകളയുവാൻ നാം തീരുമാനിക്കണം. നാം ഇതു ചെയ്യുമ്പോൾ, അവൻ നമ്മുടെ അവസ്ഥ മാറ്റും (1) നഷ്ടപ്പെട്ട അവസ്ഥയിൽ നിന്നു രക്ഷിക്കപ്പെട്ട അവസ്ഥയിലേക്ക് (മർക്കൊസ് 16:16; 1 പത്രൊസ് 3:21), (2) പാപം നിറഞ്ഞ അവസ്ഥയിൽ നിന്നു പാപം കഴുകപ്പെട്ട അവസ്ഥയിലേക്കു മാറുന്നു (പ്രവൃത്തികൾ 22:16), (3) കുറ്റബോധമുള്ള അവസ്ഥയിൽനിന്നു പാപങ്ങൾ മോചിക്കപ്പെട്ട അവസ്ഥയിലേക്കു തിരിയുന്നു (പ്രവൃത്തികൾ 2:38; കൊലൊസ്യർ 2:12, 13). ഇവ മൂന്നു വ്യത്യസ്ത മാറ്റങ്ങൾ അല്ല, ഒരു മാറ്റത്തിന്റെ വിവരണങ്ങൾ ആണ്. ഒരു അ - ക്രൈസ്തവൻ യേശുവിന്റെ വചനത്താൽ പാപങ്ങൾ കഴുകപ്പെട്ടു ക്രിസ്ത്യാനിയായിത്തീരുമ്പോൾ ഈ മാറ്റം സംഭവിക്കുന്നു.

**ഒരു സ്ഥാനമാറ്റം**

നാം സ്നാനമേല്ക്കുമ്പോൾ, അതു ശരിയായ ആത്മിയ ഉൾപ്പെടലോടെയാണെങ്കിൽ, പിന്നെ നാം യേശുവിനെ കൂടാതെയുള്ള, അവന്നു പുറത്തായിരിക്കയില്ല. എഫെസൊസിലെ ക്രിസ്ത്യാനികളോടു പൗലൊസ് പറഞ്ഞു, "... അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാ

തെയുള്ളവരും, യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും, വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും, ലോകത്തിൽ ദൈവം ഇല്ലാത്തവരും ആയിരുന്നു എന്നു ഓർത്തു കൊൾവിൻ" (എഫെസ്യർ 2:12).

ക്രിസ്ത്യാനിയായി തീരുന്നതോടെ, നമ്മുടെ സ്ഥാനത്തിനു മാറ്റം ഉണ്ടാകുന്നു – കാരണം നാം ക്രിസ്തുവിലേക്കു പ്രവേശിക്കുന്നു, അവിടെ നാം യേശുവിന്റെ രക്തത്താൽ നമ്മെ ദൈവത്തിന്റെ അടുക്കലേക്കു കൊണ്ടുവരുന്നു (എഫെസ്യർ 2:11–13). യേശുവിന്റെ പുറത്തായിരുന്ന നമ്മുടെ സ്ഥാനത്തിൽ നിന്നു ക്രിസ്തുവിൽ ആയി തീരുന്നു (റോമർ 6:3; ഗലാത്യർ 3:27), അങ്ങനെ യേശുവിന്റെ രക്തത്താൽ സാധ്യമാവുന്ന അനുഗ്രഹങ്ങളിലേക്കു നാം പ്രവേശിക്കുന്നു. അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളിൽ നിന്നുള്ള പാപമോചനം എന്ന വീണ്ടെടുപ്പു ഉണ്ട് (എഫെസ്യർ 1:7; കൊലൊസ്യർ 1:14). ക്രിസ്തുവിൽ നാം പുതിയ സൃഷ്ടികളായി പണിയപ്പെടുന്നു (2 കൊരിന്ത്യർ 5:17), കൃപയിലേക്കും നമുക്ക് അടുക്കാം (എഫെസ്യർ 1:6; 2 തിമൊഥെയൊസ് 2:1), നമുക്കു രക്ഷ കിട്ടുന്നു (2 തിമൊഥെയൊസ് 2:10), നാം നിത്യജീവൻ അനുഭവിക്കുന്നു (1 യോഹന്നാൻ 5:11) സകല ആത്മികാനുഗ്രഹങ്ങൾക്കും നമുക്കു സാധ്യതയുണ്ട് (എഫെസ്യർ 1:3).

യേശുവിനോടു ചേരുവാൻ സ്നാനമേല്ക്കുമ്പോൾ, നാം യേശുവിന്റെ *ഏക ശരീരത്തിൽ* പ്രവേശിക്കുന്നു (റോമർ 12:5), അതു ക്രിസ്തുവിന്റെ ശരീരമാണ് (1 കൊരിന്ത്യർ 12:27), സഭയിലേക്കു പ്രവേശിക്കുന്നു (എഫെസ്യർ 1:22, 23; 5:30; കൊലൊസ്യർ 1:18, 24; 3:15). ആ ഏകശരീരത്തിന്റെ രക്ഷിതാവു യേശുവാണ് (എഫെസ്യർ 5:23), നാം സ്നാനം ഏല്ക്കുമ്പോൾ, ആ സഭയിലേക്കാണ് പ്രവേശിക്കുന്നത് (1 കൊരിന്ത്യർ 12:13).

സഭയിലുള്ളവരുടെ പേർ സ്വർഗ്ഗത്തിൽ "എഴുതപ്പെട്ടിരിക്കുന്നു" (എബ്രായർ 12:23). നമ്മുടെ പേർ ജീവ പുസ്തകത്തിൽ എഴുതപ്പെട്ടതുകൊണ്ടു നമുക്ക് അവിടെ പ്രവേശനം ഉണ്ട് എന്നർത്ഥം (വെളിപ്പാട് 21:27). പുസ്തകത്തിൽ നിന്നു നമ്മുടെ പേർ മായിച്ചു കളയാത്തതുകൊണ്ടു നാം ജയിക്കണം (വെളിപ്പാട് 3:5). നമ്മുടെ പേർ ജീവപുസ്തകത്തിൽ എഴുതപ്പെട്ടില്ലെങ്കിൽ, നാം നഷ്ടപ്പെട്ടവരായി കത്തുന്ന പൊയ്കയിലേക്കു തള്ളപ്പെടും (വെളിപ്പാട് 20:15). നാം സഭയിലെ അംഗങ്ങളാകുന്നതിനാൽ, തികവുള്ളവരാകുന്നു (എബ്രായർ 12:23), യേശുവിന്റെ രക്തത്താൽ കുറവും, കുറ്റവുമില്ലാത്തവരാകേണ്ടതിന്നു "വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി" (എഫെസ്യർ 5:26). നാം യേശുവിന്റെ പ്രത്യക്ഷതയിൽ അങ്ങനെ കുറ്റമില്ലാത്തവരാകും (എഫെസ്യർ 5:27; കൊലൊസ്യർ 1:19–23).

സഭ എന്നതു *യേശുവിന്റെ രാജ്യമാണ്* (മത്തായി 16:18, 19); അതു ഇളകാത്തതാണ് (എബ്രായർ 12:28). രാജ്യത്തിലെ അംഗങ്ങളും രാജ്യത്തിന്റെ പുത്രന്മാരും യേശുവിന്റെയും പിതാവിന്റെയും നിത്യ രാജ്യത്തിൽ സൂര്യനെപോലെ പ്രകാശിക്കും (മത്തായി 13:37–43; 2 പത്രൊസ് 1:10, 11). വെള്ളത്താലും ആത്മാവിനാലും ജനിച്ചുകൊണ്ടാണ് നാം ആ

രാജ്യത്തിൽ പ്രവേശിക്കുന്നത് (യോഹന്നാൻ 3:3-5).

സഭയിലെ അംഗങ്ങൾ *ദൈവ ഭവനത്തിലെ*, അവന്റെ കുടുംബത്തിലെ മക്കൾ ആണ് (1 തിമൊഥെയൊസ് 3:15). വിശ്വാസം മൂലം, നാം സ്നാനം ഏല്ക്കുമ്പോൾ, നാം ദൈവഭവനത്തിലെ, അംഗങ്ങളും, ദൈവമക്കളും ആകുന്നു (ഗലാത്യർ 3:26, 27). മക്കൾ ആയതുകൊണ്ടു, ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും ആകുന്നു (റോമർ 8:17; ഗലാത്യർ 4:7). നമ്മുടെ അവകാശമോ വാട്ടമോ നാശമോ ഇല്ലാത്ത സ്വർഗ്ഗത്തിൽ ആകുന്നു (1 പത്രൊസ് 1:3, 4).

ദൈവഗൃഹത്തിൽ നിന്നാണ് ന്യായവിധി ആരംഭിക്കുന്നത്! ഇവർ സുവിശേഷം അനുസരിച്ചവരാണ് - അവർ സുവിശേഷം അനുസരിക്കാത്തവർക്കെതിരാണെന്നു പത്രൊസ് പറയുന്നു (1 പത്രൊസ് 4:17). സുവിശേഷം രക്ഷിക്കുവാനുള്ള ദൈവശക്തിയാണ് (റോമർ 1:16), അതിനർത്ഥം ദൈവ ഗൃഹത്തിലുള്ളവർ, സഭയിലുള്ളവർ, രക്ഷിക്കപ്പെട്ടവരാണ്. നാം സുവിശേഷം അനുസരിച്ചില്ലെങ്കിൽ, നാം "കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു, നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും" (2 തെസ്സലൊനിക്യർ 1:9).

സഭയെ "ആട്ടിൻകൂട്ടം" എന്നും വിളിച്ചിട്ടുണ്ട് (പ്രവൃത്തികൾ 20:28). തന്റെ കൂട്ടത്തിലെ ആടുകൾക്കുവേണ്ടിയാണ് തന്റെ ജീവൻ വെടിഞ്ഞത് (യോഹന്നാൻ 10:11, 15). അവന്റെ ആടുകൾ ആയതുകൊണ്ടു, നാം അവന്നു കീഴ്പ്പെട്ടിരിക്കുന്നു (യോഹന്നാൻ 10:27; എഫെസ്യർ 5:24). നാം അവനെ അനുഗമിക്കുന്നതുകൊണ്ടു നമുക്കു നിത്യജീവൻ ലഭിക്കുന്നു (യോഹന്നാൻ 10:27, 28). സ്വാഭാവിക ലോകത്തിൽ, ആടു ജനിക്കുന്നതു കൂട്ടത്തിലാണ്; അതുപോലെ തന്നെയാണ്, ആത്മിയ ലോകത്തിലെ, ആത്മിയ ജനനവും (യോഹന്നാൻ 3:3-5) നമ്മെ യേശുവിന്റെ കൂട്ടത്തിലെ അംഗങ്ങൾ ആക്കുന്നു.

അവിടെ നാം വലിയ വ്യത്യാസം വരുത്തുന്നു. നാം ക്രിസ്തുവിന്റെ ഏകശരീരത്തിൽ അല്ലെങ്കിൽ, അതായതു അവന്റെ സഭയിൽ - യേശുവിന്റെ രാജ്യത്തിൽ, ദൈവഭവനത്തിൽ, യേശുവിന്റെ കൂട്ടത്തിൽ - അല്ലെങ്കിൽ നമുക്കു സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ല. നാം യഥാർത്ഥ സ്നാനം ഏല്ക്കുമ്പോൾ സാധ്യമാകുന്ന മാറ്റത്താൽ നമ്മെ ക്രിസ്തുവിന്റെ സഭയിലേക്കു സ്ഥാനം മാറ്റുന്നു.

## ഒരു ദാസ്യത്വ മാറ്റം

സ്നാനത്തിൽ നാം ആത്മീയമായി ഇടപെടുന്നതിന്റെ ഫലമായി പാപത്തിനു നാം ദാസന്മാരായിരുന്നതിൽ നിന്നു നാം നീതിക്കു ദാസന്മാരായിത്തീരുന്നതിൽ പ്രവേശിക്കുന്നു (റോമർ 6:16-18). പാപം നമ്മെ അടിമപ്പെടുത്തി പാപത്തെ സേവിക്കുമാറാക്കുന്നു (യോഹന്നാൻ 8:34; റോമർ 6:16; 2 പത്രൊസ് 2:19). നമ്മെ പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു നാം മാറുന്നില്ലെങ്കിൽ (റോമർ 6:17, 18), നാം പാപത്തിന്റെ ദാസന്മാരായിത്തന്നെ കഴിയുന്നു. സ്നാനത്തിൽ യേശുവിനോടുകൂടെ ആത്മീയമായി മരിക്കുമ്പോഴാണ് മാറ്റം സംഭവിക്കുന്നത്

(റോമർ 6:3, 4). ആ സമയത്തു, പഴയ മനുഷ്യൻ ക്രൂശിക്കപ്പെടുന്നു, പാപ സംബന്ധമായ ശരീരം നീങ്ങപ്പെട്ടു, പിന്നെ നാം പാപത്തിന്റെ ദാസന്മാരല്ല (റോമർ 6:4-6). സ്നാനത്തിൽ നാം പാപസംബന്ധമായി മരിക്കുന്നതുകൊണ്ടു, പാപത്തിന്റെ കീഴ്പ്പെടുത്തുന്ന ശക്തിയിൽ നിന്നു നമ്മെ മോചിപ്പിക്കുന്നു (റോമർ 6:7, 18).

### ബന്ധങ്ങളുടെ ഒരു മാറ്റം

നാം സ്നാനപ്പെടുമ്പോൾ, നമ്മുടെ ബന്ധങ്ങൾ മാറുന്നു, നാം സ്നാനമേറ്റു യേശുവിന്റെ രാജ്യത്തിലാക്കപ്പെടുന്നതിനു മുൻപു, നാം ഇരുട്ടിലും സാത്താന്റെ അധീനതയിലുമായിരുന്നു (പ്രവൃത്തികൾ 26:18; കൊലൊസ്യർ 1:13). നമുക്ക് അങ്ങനെ തോന്നുകയില്ലായിരിക്കാം, നാം അതു സമ്മതിച്ചില്ലെന്നും വരാം - എന്നാൽ അതാണ് വാസ്തവം. നാം പിശാചിന്റെ ഇച്ഛകളെ ചെയ്യുന്നിടത്തോളം (യോഹന്നാൻ 8:44), നാം പിശാചിന്റെ മക്കളാണ് (1 യോഹന്നാൻ 3:7, 8, 10). നമ്മുടെ വിശ്വാസം നമ്മെ പിശാചിന്റെ മക്കളിൽ നിന്നു നമ്മെ ദൈവമക്കൾ ആക്കി മാറ്റുന്നു (ഗലാത്യർ 3:26, 27).

രാജ്യത്തിന്റെ മക്കളായി, നാം ഈ ലോകത്തിൽ ദുഷ്ടന്റെ മക്കളുടെ മദ്ധ്യേ ആണ് ജീവിക്കുന്നത് (മത്തായി 13:37-39). ദൂതന്മാരെ കൊയ്തു വിളവെടുപ്പിനു അയക്കുമ്പോൾ രാജ്യത്തിന്റെ പുത്രന്മാരെയും പിശാചിന്റെ മക്കളേയും തമ്മിൽ വേർതിരിക്കും. ദുഷ്ടന്മാരെ പിതാവിന്റെ രാജ്യത്തിൽ പ്രവേശിക്കുന്നതിനു പകരം തീയിലേക്കു തള്ളിക്കളയും (മത്തായി 13:39-43).

നാം പാപത്തിന്റെ അന്ധകാരത്തിലാണെങ്കിൽ, നമുക്കു ദൈവത്തോടു കൂട്ടായ്മയില്ല - കാരണം ദൈവം വെളിച്ചമാണ്, അവനിൽ ഇരുട്ട് ഒട്ടുമില്ല (1 യോഹന്നാൻ 1:5-7). പാപമാണ് നമുക്കു ദൈവത്തോടു കൂട്ടായ്മയില്ലാതാക്കുന്നതും നമ്മെ ദൈവത്തിൽ നിന്നകറ്റുന്നതും (യെശയ്യാവു 59:1, 2). യേശുവിനു പുറത്തുള്ളവർ അവനിൽ നിന്നു വേർപെട്ടിരിക്കയാണ്; അവർ ദൈവവും ക്രിസ്തുവും ഇല്ലാത്തവരാണ് (എഫെസ്യർ 2:11, 12). നാം സ്നാനം ഏറ്റു യേശുവിനോടു ചേരുമ്പോൾ (റോമർ 6:3; ഗലാത്യർ 3:27), ഇരുട്ടുമായുള്ള നമ്മുടെ ബന്ധം അവസാനിപ്പിച്ചു, നാം വെളിച്ചവുമായി ബന്ധപ്പെടുവാൻ തുടങ്ങുന്നു. യേശുവിൽ അവന്റെ രക്തത്താൽ നമുക്കു ദൈവത്തോടു പ്രവേശിക്കാം (എഫെസ്യർ 2:13).

### ചുരുക്കം

സ്നാനപ്പെടുമ്പോൾ ലഭിക്കുന്ന ഉപകാരങ്ങളും ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്ന ആത്മീയ മാറ്റങ്ങളും മനസ്സിലാക്കിയാൽ നാം സ്നാനം ഏല്ക്കണം. ഈ മാറ്റങ്ങൾ കൂടാതെ, ദൈവരാജ്യത്തിലേക്കു പ്രവേശിക്കുന്ന പുതിയ ജനനം നമുക്കു കിട്ടുകയില്ല (യോഹന്നാൻ 3:3-5).

© 2009 Truth for Today